► ഭരണപരിഷ്കാര കമീഷൻ ആദ്യറിപ്പോർട്ട് സമർപ്പിച്ചു

# സംസ്ഥാന വിജിലൻസ് കമീഷൻ രൂപീകരിക്കണം

● സ്വന്തം ലേഖകൻ

**തിരുവനന്തപുരം** > കേന്ദ്ര വിജിലൻസ് കമീഷൻ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമീഷൻ രൂപീകരിക്കാൻ ഭരണപരിഷ്കാര കമീഷൻ സമർപ്പിച്ച ആദ്യ റിപ്പോർട്ടിൽ ശുപാർശ ചെയ്തു. സംസ്ഥാനത്തെ നാലാമത്തെ ഭരണപരിഷ്കാര കമീഷന്റെ റിപ്പോർട്ട് വ്യാഴാഴ്ച രാവിലെ നിയമസഭാ മന്ദിരത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ വച്ച് കമീഷൻ ചെയർമാൻ വി എസ് അച്യുതാനന്ദൻ മുഖ്യമന്ത്രി പിണറായി വിജയന് സമർപ്പിച്ചു. റിപ്പോർട്ട് പഠിച്ച് അടിയന്തര നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി. ഭരണപരിഷ്കാര കമീഷൻ അംഗം സി പി നായർ, മെമ്പർ സെക്രട്ടറി ഷീല തോമസ് എന്നിവരും വി എസിനൊപ്പം ഉണ്ടായി.

സംസ്ഥാന വിജിലൻസ് കമീഷനൊപ്പം വിജിലൻസ് ഡയറക്ടറേറ്റും രൂപീകരിക്കണമെന്ന് പ്രഥമ റിപ്പോർട്ട് ശുപാർശ ചെയ്യുന്നതായി വി എസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തെ നിയന്ത്രിക്കാൻ ഒന്നിലധികം അംഗങ്ങളുള്ളതും സ്റ്റാറ്റ്യൂട്ടറി നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന ഒരു സ്വതന്ത്ര സംവിധാനമുണ്ടാകണം. ഇതുവഴി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും അന്വേഷണ റിപ്പോർട്ടുകൾ, വസ്തുതാ റിപ്പോർട്ടുകൾ എന്നിവയുടെമേൽ നീതിയുക്തമായ തീരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൈക്കൊള്ളാനുമാകുമെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.



► ഭരണപരിഷ്കാര കമീഷൻ ചെയർമാൻ വി എസ് അച്യുതാനന്ദൻ മുഖ്യമന്ത്രി പിണറായി വിജയന് റിപ്പോർട്ട് സമർപ്പിക്കുന്നു

ഹൈക്കോടതി ജഡ്ജിയുടെ പദവിയിൽ സേവനമനുഷ്ഠിച്ചു വരുന്നതോ വിരമിച്ചതോ ആയ ഒരു ന്യായാധിപൻ സംസ്ഥാന വിജിലൻസ് കമീഷണറാകണം. രണ്ടിൽ കവിയാത്ത അംഗങ്ങൾ വേണം. ചീഫ് സെക്രട്ടറിയായി ഭരണപരിചയമുള്ള ഒരാളും കുറ്റാന്വേഷണരംഗത്ത് ഡിജിപി-എഡിജിപി പദവിയിൽ പ്രവർത്തനപരിചയമുള്ള ഒരാളും ഉൾപ്പെടുന്നതാകണം അംഗങ്ങൾ. കമീഷനെ സഹായിക്കാൻ ഐജി തലത്തിലുള്ള ഒരു അന്വേഷണ ഉദ്യോഗസ്ഥനും നിയമോപദേശം നൽകാൻ സ്പെഷ്യൽ അറ്റോർണി പദവിയിലുള്ള മറ്റൊരു ഉദ്യോഗസ്ഥനും ഉണ്ടായിരിക്കണം. കമീഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് വിജിലൻസ് പൊലീസ് സംവിധാനം വേണം. നിലവിലെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ആയിരിക്കും പുതുതായി രൂപീകരിക്കുന്ന വിജിലൻസ് പൊലീസ് സംവിധാനം.

സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കാൻ സഹായകമായ സ്റ്റാറ്റ്യൂട്ടറി അധികാരവും സംരക്ഷണവും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോക്ക് ഉണ്ടാകണം. അഴിമതിക്കാർ എത്ര ഉന്നതരായാലും കടുത്ത ശിക്ഷ ഉറപ്പാക്കണം. കള്ളപ്പരാതിക്കാരെ ശിക്ഷിക്കാൻ നടപടിയുണ്ടാകണം. അഴിമതിക്കേസുകൾ അന്വേഷിക്കുന്ന നടപടിക്രമങ്ങളിൽ സമഗ്രമായ മാറ്റം വരുത്തണം-റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

കമീഷൻ കാലാവധി തീരുമ്പോൾ സമഗ്രമായ റിപ്പോർട്ട് കൊടുക്കുക എന്നതിൽനിന്ന് വ്യത്യസ്തമായി മുൻഗണനാക്രമം അനുസരിച്ച് വിഷയങ്ങൾ തീരുമാനിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയെന്ന ശൈലിയാണ് നടപ്പാക്കുകയെന്ന് വി എസ് അച്യുതാനന്ദൻ പറഞ്ഞു. 2016 ആഗസ്ത് 18ന് ചുമതലയേറ്റ കമീഷൻ ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പാണ് ആദ്യ റിപ്പോർട്ട് സമർപ്പിച്ചത്.